# ഇടശ്ശേരിക്കവിത
## സി.പി. ശ്രീധരൻ

മലയാളത്തിൽ സ്വന്തമായ ഒരു ജീവിതദർശനം ഏതു കൊടുങ്കാറ്റിലും ഉയർത്തിപ്പിടിച്ച് അചഞ്ചലനായി ഒറ്റതിരിഞ്ഞു നടക്കുന്ന ഒരു കവിയാണ് ഇടശ്ശേരി ഗോവിന്ദൻ നായർ. ശക്തിയുടെ കവിത എന്ന് അതിനെ 'പുത്തൻ കലവും അരിവാളും' എന്ന പ്രശസ്തകൃതിയുടെ അവതാരികയിൽ ശ്രീ: എൻ. വി. കൃഷ്ണവാരിയർ വിശേഷിപ്പിച്ചിട്ടുണ്ട്. ഇടശ്ശേരിക്കവിതയുടെ ഒരു പ്രധാന ഭാവമായ നർമ്മബോധത്തെ അദ്ദേഹത്തിന്റെ പ്രഥമ കൃതിയായ 'അളകാവലി' അവതരിപ്പിച്ച ശ്രീ: കുട്ടിക്കൃഷ്ണമാരാരും തൊട്ടുകാണിക്കുകയുണ്ടായി. ഈ എല്ലാ ഭാവങ്ങളെയും നിലനിർത്തിക്കൊണ്ടുതന്നെ ഇടശ്ശേരി തന്റെ ജീവിതദർശനത്തെ ഉദാരവും ഉദാത്തവുമാക്കിക്കൊണ്ടുവന്നു. അതിനനുസരിച്ച് ആ കവിതയ്ക്കുമുണ്ടായി ഉദാരമായ മാധുര്യം; ഉദാത്തമായ അന്തഃശക്തി. ഈ പ്രപഞ്ചത്തിലെ എല്ലാ വസ്തുക്കളും, മനുഷ്യന്റെ സമസ്തസിദ്ധികളും ജീവിതത്തെ ധന്യമാക്കുവാനുള്ളതാണെന്ന് ദൃഢമായി വിശ്വസിക്കുന്ന കവിയാണ് ഇടശ്ശേരി. വാസനയും, ലോകകാവ്യാഭ്യവേക്ഷണാൽ ശക്തമാക്കപ്പെട്ട പ്രതിഭയും, ഭാവനാസമ്പത്തുമൊക്കെയുണ്ടായിട്ടും, അതൊക്കെ സൂക്ഷ്മതയോടെ മനുഷ്യസമുദായത്തിന്റെ നന്മയ്ക്കുവേണ്ടി മെരുക്കിയൊതുക്കിയേ അദ്ദേഹം പ്രയോഗിക്കൂ. കേവലാനന്ദത്തിന് (ആന്തരമായ ഒരു സുഖത്തിന്) വേണ്ടിമാത്രം, ഒരിക്കലും അദ്ദേഹം സർഗ്ഗാത്മകമായ തന്റെ പ്രതിഭയെ ഉപയോഗിച്ചിട്ടുണ്ടെന്ന് തോന്നുന്നില്ല.

### ഇടശ്ശേരിയുടെ ജീവിതദർശനം

സമുദായത്തിലെ ജീർണ്ണമായ വിശ്വാസാചാരങ്ങളെയും, കാലാതിപാതം സംഭവിച്ച ആശയഗതികളെയും അദ്ദേഹം ശക്തമായി ആക്ഷേപിക്കും - പഴമയിൽനിന്ന് തന്റെ ദർശനങ്ങൾക്ക് ബലിഷ്ഠമായ പിന്തുണ നൽകുന്നതിന് ചില ഉത്തമാംഗങ്ങളെ തികച്ചും നൂതനമായ വ്യാഖ്യാനത്തോടെ സ്വീകരിക്കുകയും ചെയ്യും. പഴയതെന്തും തകർത്തേ അടങ്ങൂ എന്ന് വാശിപിടിച്ച പുരോഗമനവാദികളിൽ നിന്ന് വ്യത്യസ്തനാണ് ഇടശ്ശേരി. കാരണം, പഴയതിനെ തകർക്കുന്നതിനെക്കാൾ പുതിയതിനെ സൃഷ്ടിക്കുന്നതിനാണ് അദ്ദേഹത്തിന് വ്യഗ്രത, ഒരു പുതിയ സംസ്കാരം, ഒരു പുതിയ രാഷ്ട്രം, ഒരു പുതിയ മാനവസമുദായം, ഒരു പുതിയ ജീവിതതത്ത്വശാസ്ത്രം ഇവയുടെ സൃഷ്ടിക്കുവേണ്ടി ബോധപൂർവ്വം കവനവൈഭവത്തേയും തൂലികയേയും ജീവിതത്തെത്തന്നെയും നിവേദിച്ച ഈ കവി, അതിന് പോഷകമായ വളപ്പറ്റുണ്ടാക്കാൻ പറ്റുന്ന വിധത്തിലെ പഴമയെ തകർക്കുന്നുള്ളു.

### ഉത്തമ ദൃഷ്ടാന്തം

'കാവിലെപാട്ട്' എന്ന ഇടശ്ശേരിയുടെ പുതിയ കവിതാസമാഹാരത്തിൽ കാണുന്ന 'വധു' എന്ന കൊച്ചുകവിത അദ്ദേഹത്തിന്റെ കാവ്യസമൂഹത്തിന്റെ സ്വഭാവങ്ങൾക്കുത്തമദൃഷ്ടാന്തമായെടുക്കാം. അനേകം കവികളുടെ ഉപാസനകൊണ്ട് ധന്യവും സുന്ദരതമവുമായ ഒന്നായിട്ടാണ് 'പേരാർ' നദി നമ്മുടെ സ്മരണയിൽ നിലനിൽക്കുന്നത്.

'ഇത്തിരിമാനം കറുത്തുപോയാൽ
കുത്തിയൊലിക്കും ജലപ്രവാഹം;
എപ്പോഴുമാപത്തിനായിമാത്രം

നില്പിതു പേരാർ!' എന്നാണ് ആ മഹിതദൃശ്യത്തെ ഇടശ്ശേരി വർണ്ണിക്കുന്നത്. മഴ പോയാൽ വയൽപ്പരപ്പിലെ നീരുമോന്തിക്കുടിച്ച് അത് കൃഷിയെല്ലാം ഉണക്കുകയും ചെയ്യും! മാത്രമോ,

'കുന്നിൻ തടങ്ങളിൽ കൊമ്പുകുത്തി-
കൂറ്റൻകരിങ്കാർ കളിച്ചിടുമ്പോൾ
പൊന്നിലും പൊന്നായ മണ്ണടർത്തി-
പ്പോന്നുപ്പലയിൽ കലക്കയല്ലി!'

നമ്മുടെ വയലുകളെ ഫലപുഷ്ടമാക്കുന്ന പൊന്നു പോലത്തെ മണ്ണിനെ - വളംകലർന്നു കനകം വിളയിക്കുന്ന മലമ്പ്രദേശങ്ങളിലെ മണ്ണിനെ - ഉപ്പുകടലിലേയ്ക്ക് തള്ളിവിടുകയാണത്. മണ്ണൊലിപ്പെന്ന വിപത്തു വിതയ്ക്കുന്നത് ഈ നദിയാണ്. നമുക്കാകെ ആറടിമണ്ണേയുള്ളൂ. ജീവിക്കാനുള്ള മണ്ണില്ല, മരിച്ചാൽ അടക്കുന്നതിനുള്ള മണ്ണേയുള്ളു. അതിനെ ഇരുതീരങ്ങളിൽ നിന്നും അടർത്തിക്കൊണ്ടുപോകുകയും ചെയ്യുന്നു. 'രാവിലെ (രാത്രിയിലെ) ദുഷ്കൃതസഞ്ചയത്താലാവിലമായ ഹ്രദങ്ങളോടുകൂടി രാവിലെ (പ്രഭാതത്തിൽ) പ്പോലും, കാവിലെ പൊട്ടിപ്പിശാചുപോലെ, ആളുകൾക്ക് ഭീതിയരുളുകയാണ് ഈ നദി.' ഈ ഓരോ കല്പനയുടെയും കാവ്യഭംഗിയും കല്പനാചാതുരിയും കവിയുടെ ദർശനം അവതരിപ്പിക്കുന്നതിൽ അവ വഹിക്കുന്ന ഔചിത്യപൂർവമായ പങ്കും പ്രത്യേകം സ്മരിക്കുമല്ലോ.

'നീ മഹാശൈലത്തിൻ പുത്രിയല്ലേ?
ഭീമാംബുധിക്കുറ്റ റാണിയാളെ!
ഈ മണ്ണിലൂടെ കടന്നുപോകെ-
ക്ഷേമംവിതയ്ക്കേണ്ടതിപ്പദങ്ങൾ.
ആവില്ലപോവാ, നറിഞ്ഞു മേലിൽ-
സ്സേവിക്കും ഞങ്ങളെത്തട്ടിമാറ്റി;
സ്നേഹിക്കുമുള്ളിനു കെല്പിരിക്കിൽ
ദേവിക്കുമുണ്ടേ വിലങ്ങു നാട്ടിൽ.'

ഓരോ കവിതയിലും തന്റെ ദർശനത്തിനൊത്ത കവിതയുടെ കനകച്ചിലങ്ക മുഴങ്ങുകയാണ്. സമുദ്രത്തിന്റെ റാണിയായ ആ ശൈലപുത്രി ഈ മണ്ണിലൂടെ കടന്നുപോകുകയാണ്. റാണി കടന്നുപോകുന്നേടത്തൊക്കെ ക്ഷേമം വിതയ്ക്കേണ്ടത് രാജധർമ്മമാണല്ലോ. ഏതായാലും ഇനി ഞങ്ങളെ തട്ടിമാറ്റി ആ റാണിയെപ്പോകാൻ സമ്മതിക്കില്ല. യഥാർത്ഥ ഭക്തിയുടെ ശക്തികൊണ്ട് ഉപാസനമൂർത്തിയായ ദേവിയെപ്പോലും

ഭക്തദാസയാക്കാൻ കഴിയും: ദേവിയ്ക്കു വിലങ്ങുവെയ്ക്കാൻ കഴിയും ഞങ്ങൾ പേരാറിനോടുള്ള സ്നേഹാധിക്യംമൂലം – പണ്ടുള്ളവർ സ്നേഹിച്ചതിലുമധികം ആത്മാർത്ഥമായും ശക്തമായും സ്നേഹിക്കുന്നതുമൂലം – വിലങ്ങുവെച്ച് (അണകെട്ടി) അതിനെ തടഞ്ഞുനിർത്തുവാൻ പോവുകയാണ്.

'നിൻപയസ്സാലെ പിതൃക്കൾമാത്രം
സംപുഷ്ടരായെന്നാൽപ്പോരമേലിൽ.
അൻപുറ്റും ഞങ്ങളെപ്പോറ്റുവാനും
ജൃംഭിച്ചുനിൻ മാറുയർന്നീടാവൂ.
നിൻകൃശമദ്ധ്യത്തിലർപ്പിതമാം
നീലക്കൽ വച്ച രശനയോടും
തുംഗപയോധരഹാരകപ്പ–
മംഗളവീചീ വിലാസമോടും
നാലെട്ടു കൈകളാലിജ്ജഗത്തിൻ
മാലാറ്റിനില്ക്കും മഹോന്നതയായ്
കാണട്ടെ ശർമ്മദേ, നിന്നെ നേരേ
കാർത്ത്യായനിയെ മറന്നലോകം!'

ഇതുവരെ പിതൃക്കൾക്കുമാത്രം സംപുഷ്ടിയണച്ച (പേരാറിലെ ബലിയർപ്പിക്കൽ പ്രശസ്തമായൊരു ചടങ്ങാണ്.) പേരാർ ഇനി ദയാപൂർവ്വം തങ്ങളെയും പാലൂട്ടി വളർത്തിയേപറ്റൂ. അതിന്റെ അരയിലണിയിച്ച അണക്കെട്ട് ഒരു അരഞ്ഞാണാണ്. അതിന്റെ തിരപോലെ ഉയർന്നുപൊങ്ങുന്ന വെള്ളം ഹാരവും – പിന്നെ കുറേ കൈവഴികളുണ്ട്. അത് ആ ദേവിയുടെ കൈകളാണ്. പുതിയ ജനതയുടെ, കാർത്ത്യായനിയെ, ദുർഗ്ഗാദേവിയെ, മറന്ന പുതിയ തലമുറയുടെ ഉപാസനാമൂർത്തിയാണ് ഈ ദേവി, ലോകാനുഗ്രഹമരുളുമാറ് കരങ്ങളുയർത്തി, അരഞ്ഞാണണിഞ്ഞ്, ഹാരങ്ങൾ ചാർത്തി ജഗൽദുഃഖം മാറ്റുന്ന പുതിയ ശർമ്മദേ, ഞങ്ങളൊന്നു നിന്നെ കണ്ട് കൺകുളിർക്കട്ടെ! ഭാരതീയമായ സങ്കല്പധാരകൾക്ക് അതനുസരിച്ചുതന്നെ ശാസ്ത്രീയമായ ആധുനികസംസ്കാരത്തിന്റെ ചൈതന്യം ആവാഹിക്കുകയും ഒരു പുതിയ ഭാരതീയജനസമൂഹത്തിന്റെ നിർമ്മാണമഹായത്നത്തിന്റെ സാഫല്യത്തിനുവേണ്ടി അതിനെ ഉപയോഗപ്പെടുത്തുകയും ചെയ്യുന്ന ബോധവാനായ, ദേശാഭിമാനിയായ, മനുഷ്യസ്നേഹിയായ, ഭാവനാശാലിയായ ഒരു കവിയെ നാമിവിടെ കണ്ടെത്തുന്നു.

ഞാൻ മറ്റൊരിടത്തു പ്രസ്താവിച്ചതുപോലെ ഒരു ദർശനത്തെ കവിതയാക്കി രൂപാന്തരപ്പെടുത്തിയ കവിയാണ് ഇടശ്ശേരി. ജീവിതത്തിന്റെ ഓരോ ചൈതന്യത്തുടിപ്പും, ശരീരത്തിലെ ഓരോ രക്താണുവും ആ ദർശനത്തിന്റെ വികാരസ്പന്ദനമായി മാറത്തക്കവിധം അദ്ദേഹം ആ ദർശനത്തെ ആത്മ സാൽക്കരിക്കുകയോ ജീവസാൽക്കരിക്കുകയോ ചെയ്തിരിക്കുന്നു. അപ്പോൾ അനുഭൂതി തീവ്രമായ സ്വച്ഛന്ദഗീതികളുടെ മാധുര്യവും ഓജസ്സും ഇടശ്ശേരിക്കവിതയ്ക്കും സിദ്ധിക്കുമെന്നർത്ഥം. ഇവിടെ ഒരു ചോദ്യം പ്രസക്തമാണ്. ഒരു ദർശനമോ, ആശയമോ കൊണ്ടുള്ള കവിത യഥാർത്ഥ കവിതയാകുമോ? ദർശനമില്ലാത്ത (ഒരാശയമില്ലാത്ത കവിത, കവിതയേയാവില്ല എന്നു പറഞ്ഞുവച്ച ഇംഗ്ലീഷുകവികളും സാഹിത്യമീമാംസകരും എത്രവേണമെങ്കിലും ഉണ്ട്. അതിരിക്കട്ടെ. വർഡ്സ്വർത്തിന്റെ ശുദ്ധകവിതകളിൽ പോലും ആശയാദർശങ്ങളുടെ തിക്കും തിരക്കും കണ്ട മോളിർ പ്രഭുവും, ഉള്ളടക്കത്തിന്റെ ഉൽക്കൃഷ്ടതയിൽ കലാമഹത്വം ദർശിച്ച ശുദ്ധകലാവാദിയായ വാൾട്ടർപേറ്ററും, നമ്മുടെ മുമ്പാകെയുണ്ട്. സാഹിത്യമീമാംസകനായ ഡബ്ള്യു.എച്ച്. ഹഡ്സൺ പറഞ്ഞതുപോലെ ഭാവനയും, വികാരവും സർഗ്ഗാത്മകപ്രതിഭയും കൊണ്ട് ആശയദർശനങ്ങൾക്കു ജന്മാന്തരം നൽകാൻ കഴിഞ്ഞാൽ പിന്നെ ആശയദർശനങ്ങൾ വേറിട്ടു നില്ക്കില്ല. പിന്നെ കവിതയേയുള്ളൂ. ഇടശ്ശേരിക്കവിതതന്നെ ഇതിനുദാഹരണം.

## ജീവിതദർശനം

ഇടശ്ശേരിയുടെ ദർശനമേതാണ്? തന്റെ പ്രഥമകൃതിയായ 'അളകാവലി'യിൽ പ്രഥമ കവിതയിൽ ('സൗന്ദര്യാരാധന') ഇതു വ്യക്തമാക്കിയിട്ടുണ്ട്.

'മർത്ത്യൻ സുന്ദരനാണ്, കാരണ,മുയിർ–
ക്കൊള്ളും വികാരങ്ങൾതൻ
നൃത്യത്തിന്നു മുതർക്കുവാൻ സ്വയമണി–
ഞ്ഞിട്ടോരരങ്ങാണവൻ;
അത്യന്തം കമനീയമേ, മഹിതമാ–
യാലും മരിച്ചാകിലും
തൽഭാവങ്ങ,ളപൂർണ്ണമാണളവുകോ–
ലെന്നുള്ളകാലംവരെ.'

മനുഷ്യന്റെ സർവഭാവങ്ങളും കർമ്മങ്ങളും, മനുഷ്യജീവിതത്തിന് പൂരകവും പോഷകവുമായ എന്തും സുന്ദരമാണ്. അവ മഹിതമാകട്ടെ, അല്ലാതാകട്ടെ! മനുഷ്യന്റെ അളവുകോൽ അപൂർണ്ണമാകയാൽ നാം മഹിതമെന്നും, മഹിതമല്ലാത്തതെന്നും പറയുന്നതിനർത്ഥമില്ല. ഇടശ്ശേരി തന്റെ ദർശനത്തിന്റെ സൂത്രവാക്യമായി എഴുതിയതാണ് ഈ ശ്ലോകം എന്നു തോന്നുന്നു. ഏതായാലും കാൽനൂറ്റാണ്ടുമുമ്പ് ആവിഷ്കരിക്കുകയോ അംഗീകരിക്കുകയോ ചെയ്ത ഈ ദർശനത്തെ തന്റെ കൂട്ടാളികൾ പലരും ഉപേക്ഷിച്ചിട്ടും, പലരും ഇടയ്ക്കിടെ അതിന്റെ പാതയിൽനിന്ന് വ്യതിചലിച്ചിട്ടും ഭഗ്നാശനാകാതെ അതിനെ നിത്യവിസ്തൃതമാക്കിക്കൊണ്ടുവരാൻ കഴിഞ്ഞു എന്നതാണ് ഇടശ്ശേരിയുടെ നേട്ടം. ആ കവിതകളുടെ വളർച്ച ഈ ദർശനത്തിന്റെ വളർച്ചയാണ്; ഇടശ്ശേരിയുടെ ഹൃദയത്തിന്റെയും ബുദ്ധിയുടെയും വളർച്ചയാണ്. ഈ പശ്ചാത്തലത്തിൽ വേണം ഇടശ്ശേരിയുടെ ഓരോ കവിതയേയും സമീപിക്കുവാൻ. ഓരോ കവിതയെയും പ്രത്യേകമെടുത്ത് ഇതു വ്യക്തമാക്കണം എന്നുദ്ദേശിക്കുന്നില്ല. ഇടശ്ശേരിക്കവിതയുടെ താളാത്മകത, ചിലർ ചൂണ്ടിക്കാണിക്കാറുള്ള പരുഷത വൃത്തനിയമഭഞ്ജനം, മുതലായ പല സാങ്കേതികസവിശേഷതകളും ദുർഗ്രഹതയുടേതാണെന്നു തോന്നുന്ന ഒരുതരം പരിവേഷവും പ്രത്യേക പഠനമർഹിക്കുന്നുണ്ടെങ്കിലും അതു ഇവിടെ നിർവഹിക്കുന്നത് അപ്രസക്തമാണ്.

മലയാളരാജ്യം 2.1.1967